**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 112** — **27-06-2022 - ൽ മറുപടിയ്ക്ക്**

**ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടിയാണ് പോലീസ് സ്വീകരിച്ചുവരുന്നത്. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നടന്ന ഗുണ്ടാ ആക്രമണങ്ങളുടെയും, കൊലപാതകങ്ങളുടെയും കണക്ക് ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ (01/05/2021 മുതൽ 19/06/2022 വരെ) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 29 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ആകെ 378 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഗുണ്ടാ അക്രമങ്ങളും, കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് ഗുണ്ടാ അക്രമങ്ങളും, കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജില്ലാതലങ്ങളിൽ Special Action Group against Organized Crimes (SAGOC) രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഗുണ്ടകളുടേയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുകയും കൃത്യമായ ഇടവേളകളിൽ അവരുടെ പ്രവർത്തനങ്ങൾ രഹസ്യമായി പരിശോധിക്കുകയും ചെയ്തു വരുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഇൻസ്പെക്ടറുടെ മേൽ നോട്ടത്തിൽ Anti-Organised Crimes Cell (AOCC) രൂപീകരിച്ച് പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ ഗുണ്ടാ ആക്രമണങ്ങൾ നിയന്ത്രിക്കുന്നതിന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ 107 Cr.PC, KAPPA എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ